**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5379** **12-08-2021 - ൽ മറുപടിയ്ക്ക്**

**ബാലുശ്ശേരി മണ്ഡലത്തിലെ കെ.എസ്.ഇ.ബി. സെക്ഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ബാലുശ്ശേരി നിയോജക മണ്ഡലത്തിൽ നിലവിൽ എത്ര കെ.എസ്.ഇ.ബി. സെക്ഷനുകളാണ് പ്രവർത്തിക്കുന്നത്; ഈ സെക്ഷനുകളിൽ ഓരോന്നിലും എത്ര കണക്ഷനുകളുണ്ട് എന്ന് അറിയിക്കാമോ; | (എ) | ബാലുശ്ശേരി നിയോജക മണ്ഡലത്തിൽ നിലവിൽ 7 ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ പേരുകളും ഉപഭോക്താക്കളുടെ എണ്ണവും അനുബന്ധമായി ചേർക്കുന്നു. |
| (ബി) | തടസ്സമില്ലാതെ വൈദ്യുതി ലഭിക്കുന്നതിനും ജീവനക്കാരുടെ ജോലി ഭാരം കുറയ്ക്കുന്നതിനുമായി ബാലുശ്ശേരി മണ്ഡലത്തിലെ ഏതെങ്കിലും സെക്ഷൻ വിഭജിക്കാൻ ആലോചിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | ഇല്ല. പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും ഇതിനായി ചെലവഴിക്കേണ്ടിവരുന്ന തുക താരിഫിൽ ഉൾക്കൊള്ളിക്കുന്നതുവഴി വൈദ്യുതി നിരക്ക് വർദ്ധനവിന് കാരണമാകുമെന്നതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ ആധുനിക സാങ്കേതിക വിദ്യകൾ കൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി നടപ്പിലാക്കുന്നതിനും വേണ്ടി നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | നിലവിൽ ബാലുശ്ശേരി മണ്ഡലത്തിൽ ഏതെങ്കിലും സെക്ഷനുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; | (സി) | ഇല്ല. |
| (ഡി) | ബാലുശ്ശേരി മണ്ഡലത്തിൽ ഏതൊക്കെ പ്രദേശങ്ങളിലാണ് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി കെ.എസ്.ഇ.ബി.യുടെ കൈവശം ഭൂമിയുള്ളത് എന്ന് അറിയിക്കാമോ? | (ഡി) | ബാലുശ്ശേരി സെക്ഷനാഫീസ് കെട്ടിടം ബാലുശ്ശേരി സബ്സ്റ്റേഷൻ പരിസരത്ത് പണിയുന്നതിനുള്ള ഒരു നിർദ്ദേശം പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| **ക്രമ നം.** | **ഇലക്ട്രിക്കൽ സെക്ഷന്റെ പേര്** | **ഉപഭോക്താക്കളുടെ എണ്ണം** |
|---|---|---|
| 1 | കാക്കൂർ | 17245 |
| 2 | അത്തോളി | 16078 |
| 3 | ബാലുശ്ശേരി | 20730 |
| 4 | കൂരാച്ചുണ്ട് | 6850 |
| 5 | കൂട്ടാലിട | 11112 |
| 6 | ഉണ്ണികുളം | 21912 |
| 7 | നടുവണ്ണൂർ | 19914 |

സെക്ഷൻ ഓഫീസർ